പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .143 — 10.06.2013-ൽ മറുപടിക്ക്

## സംയോജിത മത്സ്യ വികസന പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എം.എ.വാഹീദ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംയോജിത മത്സ്യവികസന പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) | സംയോജിത മത്സ്യവികസന പദ്ധതി പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യഫെഡ് 1985 മുതൽ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യ വിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം, കെട്ടിടം മറ്റ് അടിസ്ഥാന വിപണന സൗകര്യങ്ങൾ, മത്സ്യകച്ചവടം ചെയ്യുന്ന പുരുഷന്മാർക്ക് വായ്പ എന്നിവ ഈ പദ്ധതി വഴി വിഭാവനം ചെയ്യുന്നു. |
| (ബി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിക്ക് സഹായം നൽകുന്നതെന്ന് വിശദമാക്കുമോ ; | (ബി) | ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ വായ്പയും, പദ്ധതിയുടെ ~~സബ്സിഡിയും ഓഹരി മൂലധനവും~~ സംസ്ഥാന സർക്കാരും നൽകുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കായി എൻ.സി.ഡി.സി. എന്ത് തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (സി) | സംയോജിത മത്സ്യ വികസന പദ്ധതി 2012-13 ആണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചത് 2013 മാർച്ച് അവസാനമാണ്. ഇതിന്റെ മൊത്തം അടങ്കൽ തുക 3134 ലക്ഷം രൂപയാണ്. അതിലെ എൻ.സി.ഡി.സി വിഹിതം 2731.10 ലക്ഷം രൂപയാണ്. |

| | | | |
|---|---|---|---|
| (ഡി) | മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി ലഭിക്കുന്നതെന്ന് വിശദീകരിക്കുമോ ? | (ഡി) | സംയോജിത മത്സ്യ വികസന പദ്ധതി 2012-13 വഴി താഴെ പറയുന്ന ആനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നു.<br>1) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സ്വന്തമാക്കുന്നതിനുള്ള സഹായം.<br>2) മത്സ്യബന്ധന ഉപകരണത്തിന് സുരക്ഷ നൽകുന്ന പദ്ധതി<br>3) മത്സ്യലേലത്തിനും വിപണനത്തിനും പ്രവർത്തന മൂലധനം<br>4) മത്സ്യഫെഡ് ജില്ലാ ഓഫീസുകൾക്കും പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഓഫീസ് കെട്ടിടം കം ഗോഡൗൺ പണിയുന്നതിനുള്ള ധനസഹായം<br>5) മത്സ്യ കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷന്മാർക്ക് മത്സ്യ വിപണനം നടത്തുന്നതിന് ഇരു ചക്ര വാഹനവും പ്രവർത്തന മൂലധനവും.<br>6) പരിശീലനവും വിജ്ഞാന വ്യാപനവും. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ